(എച്ച്) ഡി.പി.ഐ.-യിലെ ജി.4/13247/10 തീയതി, 21-10-2010-ലെ കത്തിൽത്തന്നെ എന്തു തുടർനടപടി സ്വീകരിക്കണമെന്ന് അക്കൗണ്ടന്റ് ജനറലിനോട് ആരാഞ്ഞിട്ടുള്ളതും ആയതിന്റെ വെളിച്ചത്തിൽ തുടർനടപടിക്കായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഉത്തരവ് വാങ്ങാവുന്നതാണെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചതുപ്രകാരം ശ്രീമതി ജി. ചന്ദ്രികാഭായിക്ക് ഫാമിലി പെൻഷൻ അനുവദിച്ചുകിട്ടുവാൻ ഗവൺമെന്റിൽ അപേക്ഷ നൽകുവാൻ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശം നൽകുകയുണ്ടായെന്നും അപ്രകാരം ഫാമിലി പെൻഷൻ അനുവദിച്ചുകിട്ടുന്നതിലേക്ക് ഗവൺമെന്റിൽ നൽകിയ അപ്പീൽ പരിഗണനയിലാണ്.

(ഐ) സർക്കാരിനാണ് ഫാമിലി പെൻഷൻ പുനഃസ്ഥാപിക്കാൻ അധികാരം എന്ന് അക്കൗണ്ടന്റ് ജനറലിന്റെ 23-12-2010-ലെ കത്തിൽ വ്യക്തമാക്കുന്നു.

(ജെ) അപ്രകാരം ഫാമിലി പെൻഷൻ അനുവദിച്ചുകിട്ടുന്നതിലേക്ക് ഗവൺമെന്റിന് നൽകിയ അപ്പീൽ പരിഗണനയിലാണ്.

(കെ) പൊതു വിദ്യാഭ്യാസ ഡയറക്ടർ ആഫീസിൽനിന്നോ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ആഫീസിൽനിന്നോ ശ്രീമതി ചന്ദ്രികാഭായിയുടെ ഫാമിലി പെൻഷൻ അന്യായമായി തടഞ്ഞുവെച്ചിട്ടില്ല.

(എൽ) പരിഗണനയിലാണ്.

(ചോദ്യോത്തരങ്ങൾകഴിഞ്ഞു)

[നക്ഷത്ര ചിഹ്നമിടാത്ത 9, 18, 28, 34, 35, 36, 37, 38, 51, 68, 80, 81, 83, 98 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.]

II ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ഓർഡർ, ... ഓർഡർ സർവ്വശ്രീ. വി. ശശികുമാർ, എൻ. ശക്തൻ, ശ്രീമതി ഇ. എസ്. ബിജിമോൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനേഴാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

III അടിയന്തരപ്രമേയം

ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെ സ്വാധീനിക്കാൻ ശ്രമിച്ച സംഭവം

മി. സ്പീക്കർ : കല്ലുവാതുക്കൽ മദ്യദുരന്തത്തെക്കുറിച്ചന്വേഷിക്കുന്നതിന് ഗവൺമെന്റ് നിയോഗിച്ച ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെ സ്വാധീനിക്കാൻ അന്ന് ഇന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇടപെട്ടുവെന്ന വെളിപ്പെടുത്തൽമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, സി. ടി. അഹമ്മദ് അലി, പി. സി. ജോർജ്, കെ. പി. മോഹനൻ, കെ. കെ.ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, കൊല്ലം പാരിപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ ഹയറുന്നിസ നടത്തിവന്ന കള്ളുഷാപ്പിൽനിന്നും 20-10-2000-ലും അതിനടുത്ത ദിവസങ്ങളിലും വിഷമദ്യം കഴിച്ച നിരവധി പേർക്ക് വിഷബാധയുണ്ടാകുകയും ഇതിൽ 31 പേർ മരണപ്പെടുകയും നിരവധി പേർക്ക് അംഗവൈകല്യം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പാരിപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം 268/2000, അഞ്ചൽ പോലീസ് സ്റ്റേഷനിൽ 394/2000, പൂയപ്പള്ളി പോലീസ് സ്റ്റേഷനിൽ 304/2000, കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ 809, 810, 811 /2000, കുന്നിക്കോട് പോലീസ് സ്റ്റേഷനിൽ 304/2000, തിരുവനന്തപുരം മംഗലപുരം പോലീസ് സ്റ്റേഷനിൽ 340/2000 ആയും 8 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ കേസ്സുകൾ ഒന്നായി ക്ലബ്ബ് ചെയ്ത് ശ്രീ. സിബി മാത്യൂ ഐ.പി.എസ്.-ന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തുകയുണ്ടായി. കേസ്സുകളുടെ അന്വേഷണം പൂർത്തിയാക്കി 48 പ്രതികൾക്കെതിരെ കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. 25-5-2001 മുതൽ കൊല്ലം സെഷൻസ് കോടതിയിൽ ഈ കേസ്സിന്റെ വിസ്താരം ആരംഭിക്കുകയും 16-7-2002-ൽ ജീവിച്ചിരിക്കുന്ന പ്രതികളിൽ 9 പ്രതികളെ വെറുതെ വിട്ടുകൊണ്ടും മറ്റുള്ള പ്രതികളെ ജീവപര്യന്തം ശിക്ഷിച്ചുകൊണ്ടും വിധി വരികയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി പ്രതികളുടെ ശിക്ഷ ശരിവയ്ക്കുകയും ചെയ്തു. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ പെറ്റീഷൻ പരിഗണനയിലാണ്. ഈ കേസ്സിന്റെ പോലീസ് അന്വേഷണത്തിനോടൊപ്പം കർണ്ണാടക ഹൈക്കോടതി ജഡ്ജിയായിരുന്ന ബഹുമാനപ്പെട്ട ജസ്റ്റീസ് മോഹൻകുമാറിനെ കമ്മീഷനായി സർക്കാർ നിയമിക്കുകയും ബഹുമാനപ്പെട്ട കമ്മീഷൻ വിശദമായ തെളിവെടുപ്പിനുശേഷം റിപ്പോർട്ട് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ഗവൺമെന്റിന് മുമ്പാകെ സമർപ്പിക്കുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ജസ്റ്റീസ് മോഹൻ കുമാർ ഹൈക്കോടതി ജഡ്ജിയായി പ്രവർത്തിച്ചിരുന്ന വ്യക്തിയാണ്. അദ്ദേഹം അന്വേഷണ കമ്മീഷനായി പ്രവർത്തിക്കുമ്പോൾ ആരെങ്കിലും അവിഹിതമായോ, നിയമവിരുദ്ധമായോ അന്വേഷണത്തിൽ ഇടപെടുകയാണെങ്കിൽ അതിനെതിരായി ഉചിതമായ നിയമനടപടി സ്വീകരിക്കാനുള്ള ഉത്തരവാദിത്വവും അറിവും പ്രാപ്തിയും അദ്ദേഹത്തിനുണ്ട്. മറിച്ച് ഭരണപരമായ നടപടി സ്വീകരിക്കേണ്ട സാഹചര്യമുണ്ടെങ്കിൽ അദ്ദേഹത്തിന് പ്രസ്തുത വിവരം രേഖാമൂലം സർക്കാരിനെ അറിയിക്കാവുന്നതുമാണ്. ബഹുമാനപ്പെട്ട ജസ്റ്റീസ് മോഹൻകുമാർ അപ്രകാരം യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്നതുതന്നെ ഇവിടെ ഉന്നയിക്കപ്പെട്ടതായി പറയപ്പെടുന്ന ആരോപണം അടിസ്ഥാനരഹിതമാണെന്ന് വ്യക്തമാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇവിടെ ഉന്നയിക്കാൻ ശ്രമിക്കുന്ന വാദഗതികളെല്ലാം നിരർത്ഥകമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇനി അദ്ദേഹത്തിന് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അതിനുശേഷം മറുപടി നല്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കല്ലുവാതുക്കൽ മദ്യദുരന്തം 31 ആളുകളുടെ മരണത്തിനിടയാക്കിയെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിതന്നെ സഭയിൽ പറയുകയുണ്ടായി. ആ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ കർണ്ണാടകത്തിലെ സിറ്റിംഗ് ജഡ്ജിയായ മോഹൻകുമാർ എന്ന ജഡ്ജിയെ നിയമിച്ചു. അദ്ദേഹം വളരെ സത്യസന്ധനും മര്യാദക്കാരനും ആരു വിചാരിച്ചാലും സ്വാധീനിക്കാൻ കഴിയാത്തൊരു വ്യക്തിത്വത്തിന്റെ ഉടമയുമാണ്. അത് ആദ്യം മനസ്സിലാക്കണം. പക്ഷേ അത് മനസ്സിലാക്കാത്ത ഒരാൾ, അന്നത്തെ പ്രതിപക്ഷത്തിലെ ഒരു വലിയ നേതാവായ ഇന്നത്തെ മുഖ്യമന്ത്രി മാത്രമാണ്. അദ്ദേഹം അതിനുവേണ്ടി ശ്രമിച്ചുവെന്ന് പറയുന്നത് ഞങ്ങളല്ല, അന്നത്തെ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായിട്ടുള്ള ശ്രീ. പി. ശശിയാണ് പറയുന്നത്. എന്നുമാത്രമല്ല, ശ്രീ. പി. ശശി ഇന്ന് കേരളം ഭരിക്കുന്ന ഇടതുപക്ഷമുന്നണിയിലെ പ്രബലമായ കക്ഷിയുടെ സംസ്ഥാന കമ്മിറ്റി അംഗം കൂടിയാണ്. ആസൂത്രിതമായി കെട്ടിച്ചമച്ച ഇത്തരം ഒരു പ്രചരണം സംഘടിപ്പിച്ചതിന്റെ പിന്നിൽ വ്യക്തമായ ഗൂഢാലോചന നടന്നിട്ടുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. എന്നാൽ, ശ്രീ. പി. ശശിക്കെതിരായി മുഖ്യമന്ത്രി ഗൂഢാലോചന നടത്തിയെന്നാണ് ശ്രീ. പി. ശശി പറയുന്നത്. എന്നാൽ, അത് നിയമപരമായി ബാധകമാകില്ലേ? അങ്ങയുടെ അടുത്തിരിക്കുന്ന മുഖ്യമന്ത്രി ഗൂഢാലോചന കുറ്റത്തിലെ പ്രതിയല്ലേ? ഇത് പറയുന്നത് ഞാൻ അല്ല അങ്ങയുടെ സംസ്ഥാന കമ്മിറ്റി മെമ്പറാണ്, ജില്ലാ കമ്മിറ്റിയേക്കാളും വലുതാണ് സംസ്ഥാന കമ്മിറ്റി. അതിലെ മെമ്പറായ അദ്ദേഹമാണ് ഇത് പറയുന്നത്. എന്നുമാത്രമല്ല ഇത് അദ്ദേഹത്തിന്റെ ആളുകൾ സർക്കുലേറ്റ് ചെയ്തിട്ടും അങ്ങ് നിഷേധിച്ചില്ലല്ലോ? ഇത് അങ്ങേക്ക് നിഷേധിക്കാൻ സാധിക്കുകയില്ല, കാരണം, ഞാൻ സംസാരിക്കുന്ന ഈ നിമിഷംവരെ ശ്രീ. പി. ശശി ഇത് നിഷേധിച്ചിട്ടില്ല. അദ്ദേഹം നിഷേധിക്കാത്തൊരു കാര്യമാണിത്. കഴിഞ്ഞ കുറേ വർഷങ്ങളായി തുടർന്നുവരുന്ന ഈ കുടിപ്പക തർക്കമാണ് ശശിയെപ്പറ്റിയുള്ള ആരോപണങ്ങളിലൂടെ വെളിവാകുന്നത്. കല്ലുവാതുക്കൽ മദ്യദുരന്തവുമായി ബന്ധപ്പെട്ട് അന്നത്തെ മുഖ്യമന്ത്രിയുടെ താൽപ്പര്യങ്ങൾക്ക് പൊളിറ്റിക്കൽ സെക്രട്ടറി വഴങ്ങിക്കൊടുത്തില്ല. ഇതിൽ തുടങ്ങിയ വിരോധം തുടർന്ന് എല്ലാ വിഷയങ്ങളിലും തുടർച്ചയായി കാണിച്ചിട്ടുണ്ട്. മണിച്ചന്റെ താൽപ്പര്യത്തിനു വേണ്ടി നിലകൊണ്ടവനാണ് ഈ മുഖ്യമന്ത്രിയെന്ന് പറയുന്നത് ഞാനല്ല ശ്രീ. പി. ശശിയാണെന്നുള്ള കാര്യം മനസ്സിലാക്കണം. ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെപ്പോലും സ്വാധീനിക്കാനും തന്നെ അപമാനിക്കാനും അദ്ദേഹം ശ്രമിച്ചു എന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് അല്ല പറയുന്നത് ശ്രീ. പി. ശശിയാണ് പറയുന്നത്. ഒരു സിറ്റിംഗ് ജഡ്ജിയെ സ്വാധീനിക്കാൻ ശ്രമിച്ച ഒരു മുഖ്യമന്ത്രിനാണമുണ്ടെങ്കിൽ രാജിവച്ച് ഈ സഭയിൽനിന്ന് ഇറങ്ങിപ്പോകണം. ഇത് ഒരു മുഖ്യമന്ത്രിക്ക് യോജിച്ചതാണോ എന്ന് ഞാൻ ചോദിക്കുകയാണ്. അദ്ദേഹം ഒരു സിറ്റിംഗ് ജഡ്ജിയാണ്, ആ സിറ്റിംഗ് ജഡ്ജിയെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന് പറയുന്നത് റൗഫ് അല്ല നിങ്ങളുടെ സ്റ്റേറ്റ് കമ്മിറ്റി മെമ്പർ ശ്രീ. പി. ശശിയാണെന്നുള്ളകാര്യം മനസ്സിലാക്കണം. ഇതിൽ എന്തൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

കുറ്റങ്ങളുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ഗൂഢാലോചന നടത്തിയതും പുതിയ ജഡ്ജിയെ സ്വാധീനിക്കാൻ ശ്രമിച്ചതും അതുപോലെതന്നെ ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കാൻ ശ്രമിച്ചതും കൃത്രിമ രേഖയുണ്ടാക്കാൻ പ്രേരിപ്പിച്ചതും ഒക്കെ വലിയ ക്രിമിനൽ കുറ്റങ്ങളാണ്. ഇവിടെ തത്തുല്ല്യമായൊരു കേസ് അതായത് കുഞ്ഞാലിക്കുട്ടിയുടെ കേസ്തന്നെ ഞാൻ ചൂണ്ടിക്കാണിക്കുന്നു. മജിസ്ട്രേറ്റ് കോടതി മുതൽ സുപ്രീംകോടതിവരെ തള്ളിക്കളഞ്ഞ കേസ് നിങ്ങൾ രജിസ്റ്റർ ചെയ്തു. സുപ്രീംകോടതിയിൽ നിങ്ങളുടെ ഭരണകാലത്ത് അന്നത്തെ ഉത്തരവാദപ്പെട്ട പോലീസ് ഓഫീസർമാർ-ആളുടെ പേര് ഞാൻ പറയുന്നില്ല, റെപ്യൂട്ടേഷൻ ഉള്ള ഒരു ഉദ്യോഗസ്ഥനാണ്, അതുകൊണ്ട് അദ്ദേഹത്തിനെ ഇതിലേക്ക് വലിച്ചുകൊണ്ടുവരാൻ ഞാൻ ഉദ്ദേശിക്കുന്നില്ല-സത്യസന്ധമായി അന്വേഷിച്ചിട്ട് ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി പ്രതിയല്ലെന്ന് പറഞ്ഞിട്ടുണ്ട്. പത്തോളം ജഡ്ജിമാർ വിധിയെഴുതിയിട്ടും നിങ്ങൾ കേസ് രജിസ്റ്റർ ചെയ്തുവെങ്കിൽ നിങ്ങൾക്ക് എന്തുകൊണ്ട് ഈ കേസ് രജിസ്റ്റർ ചെയ്തുകൂടാ എന്നാണ് ഞാൻ ചോദിക്കുന്നത്. നിങ്ങൾക്ക് സഖാവ് റൗഫ് പറയുന്നതാണ് വിശ്വാസം. സഖാവ് ശശി പറഞ്ഞാൽ വിശ്വാസമില്ല. ഇതല്ലേ നിങ്ങളുടെ സ്ഥിതി. സഖാവ് റൗഫ് ആണ് സഖാവ് ശശിയേക്കാളും വലിയ ആളെന്നാണ് ഇന്നത്തെ സ്ഥിതി. ഈ മുഖ്യമന്ത്രിയുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യണം. ഈ മുഖ്യമന്ത്രി രാജിവച്ച് ഇറങ്ങിപ്പോകണം. അദ്ദേഹം ജഡ്ജിയെ സ്വാധീനിക്കാൻ ശ്രമിച്ച ആളാണ്. ജഡ്ജിയെ സ്വാധീനിക്കാൻ ശ്രമിച്ച ഒരു മുഖ്യമന്ത്രി, മുഖ്യമന്ത്രി കസേരയിലിരിക്കുന്നത് കേരളത്തിന് അപമാനമാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് സഭ നിർത്തിവച്ച് ഈ വിഷയം അടിയന്തരമായി ചർച്ച ചെയ്യുകയും ചർച്ച കഴിഞ്ഞാൽ മുഖ്യമന്ത്രി രാജി വച്ച് ഇറങ്ങിപ്പോകുകയും വേണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ബഹുമാന്യനും പരിണതപ്രജ്ഞനുമായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അവതരണം കേട്ടപ്പോൾ അദ്ദേഹം ഉദ്ദേശിക്കുന്നതെന്താണെന്നുള്ള കാര്യം വ്യക്തമായി കഴിഞ്ഞു. ഹൈക്കോടതി ജഡ്ജിമാരെ സ്വാധീനിക്കാൻ ശ്രമിച്ച സംഭവം സഭയിൽ ഉന്നയിക്കാൻ അനുവദിക്കണമെന്ന് പറഞ്ഞുകൊണ്ട് ഭരണപക്ഷത്തുനിന്ന് ബഹുമാന്യരായ മെമ്പർമാർ സ്പീക്കർക്ക് ഒരു നോട്ടീസ് കൊടുത്തിട്ടുണ്ട്. ആ പ്രശ്നമിപ്പോൾ നിയമസഭയിൽ ഉന്നയിക്കുന്നത് ശരിയല്ല, അത് മാറ്റിവയ്ക്കണമെന്ന് ആ നോട്ടീസിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അത് മാറ്റിവച്ചു. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇപ്പോൾ സഭയിൽ ആ പ്രശ്നം ഉന്നയിച്ചുകൊണ്ട് നിങ്ങൾ എന്താണ് അത് ചർച്ച ചെയ്യാത്തതെന്നാണ് ചോദിക്കുന്നത്. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിക്കെതിരായി ഉയർന്നുവന്നിട്ടുള്ള ആക്ഷേപം എന്തെന്നാൽ കോടതിയിൽ സിറ്റിംഗ് ജഡ്ജിമാരെ സ്വാധീനിച്ച് കേസ് അട്ടിമറിച്ചതിന്റെ ഒരു വലിയ ചിത്രം പുറത്തുവന്നു. അത് സംബന്ധിച്ച് അദ്ദേഹം പറഞ്ഞ റൗഫ് ഇവിടെ ഈ കേസിലില്ല. അദ്ദേഹം റൗഫിനെ ഇവിടെ അവതരിപ്പിച്ചുകഴിഞ്ഞു. പക്ഷേ ആ കേസ് ഈ നിയമസഭയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഓപ്പൺ ചെയ്യാനുള്ള സാഹചര്യവും അദ്ദേഹം സൃഷ്ടിച്ചു. ഭരണപക്ഷം നൽകിയിട്ടുള്ള നോട്ടീസ് പരിഗണിച്ചുകൊണ്ട് അതുംകൂടെ പരിഗണിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അവസരമുണ്ടാക്കണം. ഒന്ന് മെൻഷൻ ചെയ്യാനുള്ള അവസരമെങ്കിലുമുണ്ടാക്കണം. ഈ കേസ് അട്ടിമറിക്കാൻ നടത്തിയ ശ്രമത്തിന്റെ എല്ലാ കാര്യങ്ങളും പുറത്തുവന്നതോടുകൂടി അത് സംബന്ധിച്ചുള്ള വസ്തുതകൾ മറച്ചുപിടിക്കാനും ശ്രദ്ധ തിരിച്ചുവിടാനുംവേണ്ടി നടത്തുന്ന ഒരു പ്രചരണ തന്ത്രമാണിത്. ഇവിടെ ഉന്നയിക്കപ്പെട്ടുവെന്നു പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് അങ്ങനെയൊരു കത്ത് ഉണ്ടോ എന്നുതന്നെ ഗവൺമെന്റിന് അറിയില്ല. സർക്കാരിന് അത് സംബന്ധിച്ച് യാതൊരു വിവരവുമില്ല. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപങ്ങളെല്ലാം അടിസ്ഥാനരഹിതമായ ആക്ഷേപങ്ങളാണ്. ഇത് സംബന്ധിച്ച് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ നിയസഭയിൽ ചർച്ച ചെയ്യണമെന്നാവശ്യപ്പെടുന്നത് പെൺവാണിഭത്തിനും സ്ത്രീ പീഡനത്തിനുമെതിരെ ശക്തമായ നടപടി സ്വീകരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്താൻവേണ്ടി ബോധപൂർവ്വമായി നടത്തുന്ന ശ്രമങ്ങളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് വി.എസ്. അച്ചുതാനന്ദൻ ഈ സ്ഥാനത്തിരുന്നാൽ ഈ ഗവൺമെന്റ് അത്തരക്കാരെയെല്ലാം കൈയാമം വച്ച് അകത്താക്കും എന്നു വന്നതോടുകൂടി അദ്ദേഹത്തെ ഈ സ്ഥാനത്തുനിന്നും ഒഴിവാക്കിക്കിട്ടാൻവേണ്ടി നടത്തുന്ന ശ്രമമാണ് ഇതിന്റെ പിന്നിലുള്ളത്. അതുകൊണ്ട് നിങ്ങൾ നടത്തുന്ന പ്രചരണങ്ങളൊന്നും കേരളത്തിൽ ചെലവാകാൻ പോകുന്നില്ല. ഇവിടെ കഴിഞ്ഞ കുറേ ദിവസങ്ങളായി നടന്നുവരുന്ന പ്രശ്നങ്ങൾ ഐക്യ ജനാധിപത്യ മുന്നണിക്കാർക്ക് പുറത്തിറങ്ങാൻ തലയിൽ മുണ്ടിട്ട് നടക്കേണ്ടുന്ന അവസ്ഥയാണ്. ജുഡീഷ്യറിയെ സ്വാധീനിച്ച പ്രശ്നം, കള്ളപ്പണം, കള്ളനോട്ട്, അവിഹിത സ്വത്ത് സമ്പാദ്യം, പെൺവാണിഭം തുടങ്ങിയ പ്രശ്നങ്ങളെല്ലാം പുറത്തുവന്നതോടുകൂടി അതിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടാൻ വേണ്ടിയാണ് ഈ അടിയന്തരപ്രമേയം കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിൽ വികസന രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കിയിരിക്കുന്ന ഈ കാലത്ത്, സ്മാർട്ട് സിറ്റികൂടി യാഥാർത്ഥ്യമാകാൻ പോകുന്ന ഈ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്താൻ നടത്തുന്ന ഒരു അധര വ്യായാമമാണിത്. അതിനെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് എടുത്തുപറയേണ്ട കാര്യമുണ്ടായിരുന്നില്ല. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു പ്രശ്നവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അക്കാര്യങ്ങൾ പറയും.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് അദ്ദേഹത്തിന്റെ മുന്നണിയിൽപ്പെട്ട ഒരു പ്രമുഖ നേതാവിനെ രക്ഷപ്പെടുത്താൻ കഴിയുമെന്നതിന്റെ അടിസ്ഥാനത്തിൽ ഒരു വ്യർത്ഥമായ ശ്രമമാണ് നടത്തിയിരിക്കുന്നത്. ഇങ്ങനെ ഏതെങ്കിലും ശുപാർശ ആരുടെയെങ്കിലും ഭാഗത്തുനിന്നും വരികയാണെങ്കിൽ അത് സീരിയസ്സാണെങ്കിൽ സ്വാഭാവികമായും അദ്ദേഹം ജസ്റ്റീസ് മോഹൻകുമാർ അത് ഗവൺമെന്റിനെ അറിയിക്കുമായിരുന്നു. ഇങ്ങനെ ചില സ്വാധീനങ്ങൾ വരുന്നതുകൊണ്ട് ഞാൻ ഈ സ്ഥാനത്ത് തുടരാൻ ഉദ്ദേശിക്കുന്നില്ല അതുകൊണ്ട് എന്നെ ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്തുനിന്നും മാറ്റണമെന്ന് നിയമജ്ഞനും പണ്ഡിതനുമായിട്ടുള്ള ജഡ്ജി അങ്ങനെയൊരു അഭിപ്രായം പറഞ്ഞിട്ടില്ല എന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അദ്ദേഹത്തിന്റെ വിശദീകരണത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതുമാത്രമല്ല, അദ്ദേഹത്തിന്റെ ചില പ്രശ്നങ്ങളെ സംബന്ധിച്ച് ഞാൻ തന്നെ അന്ന് കോടതിയിൽ ചോദ്യം ചെയ്യുകയുണ്ടായി. (ബഹളം) ബഹുമാനപ്പെട്ട സ്പീക്കർ സർ, ഞാൻ സംസാരിക്കുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് സംസാരിച്ചപ്പോൾ ഇപ്പുറത്തിരുന്ന ഒരാളുപോലും എഴുന്നേറ്റ് അപശബ്ദമുണ്ടാക്കിയിട്ടില്ല. അവരുടെ ബേജാറിന്റെ അന്തിമമാണ് ഈ അപശബ്ദങ്ങളെല്ലാം എന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ജസ്റ്റീസ് മോഹൻകുമാറിന്റെ ഒരു പ്രൊമോഷനെ സംബന്ധിച്ച് ഞാൻ ചോദ്യം ചെയ്ത് കേരള ഹൈക്കോടതിയിൽ പെറ്റീഷൻ നൽകുകയും അന്ന് പ്രതിപക്ഷ നേതാവായിരുന്ന എന്റെ പെറ്റീഷൻ ഹൈക്കോടതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന ചരിത്രസത്യം ആർക്കും മറച്ചുവയ്ക്കാൻ കഴിയുകയില്ല. അങ്ങനെ ഞാൻ തന്നെ ശക്തമായി ജസ്റ്റീസ് മോഹൻകുമാറിന്റെ നിലപാടിനെ ചോദ്യം ചെയ്തിട്ടുള്ള ഒരു സാഹചര്യത്തിൽ ജസ്റ്റീസ് മോഹൻകുമാറിന് എന്റെ സമീപനത്തെ സംബന്ധിച്ചോ ഞാൻ ആരെയെങ്കിലും ശിപാർശ ചെയ്ത് അയച്ചിട്ടുള്ള കാര്യത്തെ സംബന്ധിച്ചോ ഉണ്ടെങ്കിൽ അദ്ദേഹം അത് നേരത്തെതന്നെ വ്യക്തമാക്കുമായിരുന്നു എന്നുള്ളത് വ്യക്തമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കാര്യം അദ്ദേഹം ചെയ്തിട്ടില്ല എന്നുള്ളതുതന്നെ ഇത് ശുദ്ധ അസംബന്ധം ആണെന്ന് കാണാൻ കഴിയും. മാത്രവുമല്ല ഇന്നിപ്പോൾ പെൺകുട്ടികളെ അപമാനിച്ച് ലൈംഗികമായി ഉപയോഗിച്ച് അതിൽനിന്നും രക്ഷപ്പെടാൻ നടത്തിയിട്ടുള്ള ആളുകളെല്ലാം ഒരു കുടയുടെ കീഴിൽ ഇങ്ങനെ വന്നിരിക്കുന്നുവെന്നുള്ളത് നമുക്ക് സന്തോഷകരമായി കാണാൻ കഴിയുന്നതാണ്. പെൺകുട്ടികളെ അപമാനിക്കുന്നവർ ആരുതന്നെ ആയാലും അവർ ഈ സംസ്ഥാനത്ത് കണക്ക് പറയേണ്ടതായി വരുമെന്നു മാത്രമല്ല അവരെ വിലങ്ങുവച്ച് ഈ തെരുവുകളിൽകൂടി നടത്തുമെന്ന് പ്രതിപക്ഷ നേതാവായിരുന്ന കാലത്ത് ഞാൻ തന്നെ പ്രഖ്യാപിച്ചിട്ടുള്ളത് യാഥാർത്ഥ്യമാകുമോ ഇല്ലയോ എന്നുള്ളത് നിങ്ങൾ ശരിക്കും മനസ്സിലാക്കണമെന്ന് ഞാൻ പറയുകയാണ്. അത് ഈ സംസ്ഥാനത്ത് നടക്കാൻ ഇടയുണ്ടെന്ന് മനസ്സിലാക്കിയിട്ട് മുൻമന്ത്രിമാരുടെ ഇപ്പോഴത്തെ ബന്ധുക്കൾ അവർ അവരുടെ പാർട്ടിയിൽത്തന്നെ ഒത്തുതീർപ്പുണ്ടാക്കി-ശ്രീ. എം. കെ. മുനീറുമായി ഒത്തുതീർപ്പുണ്ടാക്കി-എങ്ങനെയെങ്കിലും തടിതപ്പാൻ നോക്കുമ്പോൾ തങ്ങളും സഹായം ചെയ്താൽ ചിലപ്പോൾ ഏശിയേക്കുമെന്നുള്ള വ്യർത്ഥമായ മോഹത്തിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. ആര്യാടൻ മുഹമ്മദിനെ ഇതിനുവേണ്ടി രംഗത്തിറക്കിയിരിക്കുന്നത്. പക്ഷേ അത് ഫലശൂന്യമാകാനാണ് പോകുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദിനുതന്നെ ഇതിലെ കുറ്റവാളികൾക്കെതിരെ ഈ ഗവൺമെന്റ് എടുക്കുന്ന നടപടികൾകണ്ട് സന്തോഷിക്കേണ്ടിവരുമെന്ന് ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : കിളിരൂർ കേസ്സിന്റെ അന്വേഷണം പൂർത്തിയായോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെക്കുറിച്ച് എന്താണ് പറയുന്നത്?

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : സി.ബി.ഐ. അന്വേഷിച്ച് കുറ്റപത്രം കൊടുത്തിരിക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

[അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.]

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ സഭയിലെ അവസാനത്തെ പ്രഖ്യാപനത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പെൺവാണിഭവുമായി ബന്ധപ്പെട്ട ആളുകളെ കയ്യാമം വച്ചു നടത്തിക്കുമെന്നാണ് അദ്ദേഹം പ്രഖ്യാപിച്ചത്. അത് ഞങ്ങൾ വീണ്ടും സ്വാഗതം ചെയ്യുന്നു. അങ്ങയെ ഒരു കാര്യം ഓർമ്മിപ്പിക്കുകയാണ്, അങ്ങ് ഇത് പ്രഖ്യാപിച്ചിട്ട് ഏകദേശം 5 വർഷം പൂർത്തിയാകുന്നു, (ബഹളം) എന്തെങ്കിലും പറയുമ്പോൾ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല. നിങ്ങൾക്ക് ആൾബലം കൂടുതലാണ്. .....(ബഹളം)..... ആയിക്കോട്ടെ. ഞങ്ങൾ ഒന്ന് പറയട്ടെ..... (ബഹളം).....സംസാരിച്ചുകഴിയുമ്പോൾ ആളുകളെ പരിഹസിച്ചതുകൊണ്ടും ഒച്ചയെടുത്തതുകൊണ്ടും യാഥാർത്ഥ്യങ്ങൾ യാഥാർത്ഥ്യങ്ങളല്ലാതായി മാറുകയില്ല. ഞാൻ ഒരുപാട് കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംസാരിച്ചു കഴിഞ്ഞു. ശ്രീ. ആര്യാടൻ മുഹമ്മദ് കൊണ്ടുവന്ന വിഷയത്തിൽനിന്നും മാറിയാണ് അവർ സംസാരിച്ചത്. അടിയന്തരപ്രമേയത്തെ ആധാരമാക്കിയല്ല രണ്ടുപേരും സംസാരിച്ചത്. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അടിയന്തരപ്രമേയമെന്നു പറയുന്നത്, ഇവിടെ ഒരു കാലത്ത് മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്ന പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി അംഗം, ഇപ്പോഴത്തെ മുഖ്യമന്ത്രിയായിരിക്കുന്ന വ്യക്തിയെക്കുറിച്ച് വളരെ ഗുരുതരമായ ഒരു കാര്യം പറഞ്ഞു. കോടതിയെ ആക്ഷേപിച്ചാൽ നടപടിയെടുക്കുമെന്നും പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇവിടെ തെറ്റായ വിവരം നൽകി, കത്തുകൾ നൽകി ഹൈക്കോടതി ജഡ്ജിയായിരുന്ന വ്യക്തിയെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന് പറയുന്നത് കോടതി നിഷേധിക്കണം. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ശ്രീ. പി. ശശിക്കെതിരെ നടപടിയെടുക്കുന്നില്ല. കോടതിക്ക് എതിരെ..... (ബഹളം)..... നിങ്ങൾ പറയുന്നത് അനാവശ്യ ആരോപണം. ഇവിടെ വേറൊരു കാര്യം പറഞ്ഞു. ഡൈവർട്ട് ചെയ്യാൻ പറഞ്ഞതല്ല. വഴിയെ പോകുന്നെന്ന് ഞാൻ പറയുന്നില്ലെങ്കിൽപ്പോലും രാഷ്ട്രീയമായി യാതൊരു സ്റ്റാൻഡിംഗുമില്ലാത്ത ഒരു വ്യക്തി, ഒരു മുൻ മന്ത്രിയുടെ ബന്ധു ഒരു പത്രസമ്മേളനം വഴി നടത്തിയ കാര്യത്തിൽ, അതിനെതിരെ കേസ് എടുക്കാമെങ്കിൽ, പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയും മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയുമായിരുന്ന ഒരു വ്യക്തി കൊടുത്ത കത്തിനെക്കുറിച്ച്, അതുമായി ബന്ധപ്പെട്ട വ്യക്തിയെക്കുറിച്ച് എന്തുകൊണ്ട് കേസ് എടുത്തുകൂടാ എന്നാണ് ചോദിച്ചത്. ശ്രീ. പി. ശശിയുടെ കത്തുമായി ബന്ധപ്പെട്ട് അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കത്തില്ലെങ്കിൽ അതു പറഞ്ഞാൽ മതി. കേരളത്തിലെ മുഖ്യമന്ത്രിയുടെ ഓഫീസ് വന്ന്, വന്ന് എതിരാളികളെ തകർക്കുന്നതിനുവേണ്ടിയുള്ള ഗൂഢാലോചനയുടെ കേന്ദ്രമാണെന്നുള്ളത്, it is a very serious case. ഞങ്ങൾക്കെതിരെ മാത്രമല്ല ആർക്കെതിരേയും, പെൺവാണിഭക്കാർക്കെതിരെയും കേസ്സെടുക്കണം. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. മുഖ്യമന്ത്രിയെക്കുറിച്ച് ഗുരുതരമായ ആക്ഷേപം ഉന്നയിച്ച ശ്രീ. പി. ശശിക്കെതിരെ മാർക്സിസ്റ്റ് പാർട്ടി കണ്ടെത്തിയ കേസ് എന്താണെന്ന് അറിയണം. അതിനെക്കുറിച്ച് എന്താണ് പറയാത്തത്. അതിന് മറുപടി പറയാതെ ആ കേസുമായി ബന്ധപ്പെട്ട് ശ്രീ. പി. ശശിയുടെ കത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ചർച്ചയ്ക്ക് കൊണ്ടു വന്നപ്പോൾ അതിൽ അർത്ഥമില്ലെങ്കിൽ പറയണം. ശ്രീ. പി. ശശിക്കെതിരെയുള്ള കേസ്സെന്താണ്? ഞങ്ങൾ വ്യക്തിപരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ബഹുമാനിക്കുന്നു. അങ്ങ് വാചകങ്ങൾ പറയുമ്പോൾ, "ഒരു കുടക്കീഴിൽ" എന്നൊക്കെ പറയുമ്പോഴൊക്കെ അങ്ങ് ഒരുപാട് കാര്യങ്ങൾ മറയ്ക്കുന്നു എന്നുള്ളതാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ കേരള നിയമസഭ നീതി ബോധത്തിന്റെയും സത്യസന്ധതയുടെയും ജനാധിപത്യ ബോധത്തിന്റെയും കേന്ദ്രമാകേണ്ടേ? കുറച്ചെങ്കിലും അങ്ങനെ ആകണമെന്ന് ആഗ്രഹിക്കുന്നവരുണ്ട്. അങ്ങ് സഭാനാഥനാണ്, കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. ജഡ്ജിയെ സ്വാധീനിക്കാൻ ശ്രമിച്ചുവെങ്കിൽ നിങ്ങൾ ശ്രീ. പി. ശശിക്കെതിരെ കുറ്റം ..... (ബഹളം)..... അദ്ദേഹത്തിനെതിരെ ഗുരുതരമായ ആരോപണമുണ്ടെങ്കിൽ ഞാൻ ഒരു കാര്യം ചോദിക്കുന്നു, ഈ ഗവൺമെന്റ് ആ സത്യം പുറത്തുവിട്ടതുവഴി ആരോപണമായി മാറുമെങ്കിൽ മുഖ്യമന്ത്രിക്കെതിരെ ആരോപണം ഉന്നയിച്ചതിനെക്കുറിച്ച് ശ്രീ. പി. ശശിക്കെതിരെ കേസ്സെടുക്കണം. പക്ഷേ ശ്രീ. പി. ശശിക്കെതിരെ കേസ്സില്ല, ശ്രീ. പി. ശശി പറഞ്ഞതിനെക്കുറിച്ച് കേസ്സില്ല. ഇവിടെ ശ്രീ. വി. എസ്. അച്ചുതാനന്ദൻഅല്ല വിഷയം, സത്യപ്രതിജ്ഞ ചെയ്ത് കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനാണ് വിഷയം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി.ഐ.പി.കളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്, കേസ്സുമായി ബന്ധപ്പെട്ട് പറഞ്ഞിട്ടുണ്ട്. ഞങ്ങൾ അദ്ദേഹത്തിന്റെ വാക്കുകളിൽ വിശ്വസിക്കുന്നു. പക്ഷേ നാലേമുക്കാൽ വർഷമായി ഞങ്ങൾ വി.ഐ.പി.-യെ കാത്തിരിക്കുകയാണ്. അതുണ്ടായില്ല. വിഷയങ്ങളിൽനിന്നുംമാറി മുന്നോട്ടുപോയി—പാർട്ടിക്കകത്തെ വിഷയം കൂടി ബന്ധപ്പെടുത്തിയിരിക്കുകയാണ്. ഇത് ഒന്നുകിൽ കേരളത്തിലെ മുഖ്യമന്ത്രിയെ തകർക്കുന്നതിനുവേണ്ടിയുള്ളതാണ്, അല്ലെങ്കിൽ കേരളത്തിലെ മുഖ്യമന്ത്രിക്കെതിരെ കേസ്സുണ്ടാക്കുന്നതിനുവേണ്ടിയാണ്. മറ്റൊന്ന്, ഇത് ഒരു പാർട്ടിയുടെയും ആഭ്യന്തരകാര്യമല്ല, പെൺവാണിഭം സമൂഹത്തിന്റെ പ്രശ്നമാണ്; ആ പ്രശ്നത്തെ കേരളത്തിലെ മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയും വളരെ ഗൗരവതരമായി കാണുമെന്ന് ഞങ്ങൾ തെറ്റിദ്ധരിച്ചുപോയി. ഞാൻ ദീർഘിപ്പിക്കുന്നില്ല. യഥാർത്ഥത്തിൽ കേരള സമൂഹത്തിന്റെ മുന്നിലും ഈ നിയമസഭയ്ക്കുമുമ്പിലും ഉദ്യോഗസ്ഥരുടെ മുമ്പിലും മീഡിയയുടെ മുമ്പിലും ആ കേസ് ഇപ്പോഴും ഗൗരവമായി നിലനിൽക്കുന്നു. കേരളത്തിന്റെ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസും സംശയത്തിന്റെ നിഴലിലായിരിക്കുന്നു, കൂടാതെ അത് ഗൂഢാലോചനയുടെ കേന്ദ്രമായിരിക്കുന്നു. ഗൂഢാലോചനയുടെ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രമായിരിക്കുന്ന ഈ ഓഫീസിനെക്കുറിച്ച് അന്വേഷിക്കുന്നതിനും യഥാർത്ഥത്തിൽ പ്രതിസ്ഥാനത്താണ് കേരളത്തിലെ മുഖ്യമന്ത്രിയെങ്കിൽ, അതിനെക്കുറിച്ച് അന്വേഷിക്കുന്നതിനും അദ്ദേഹത്തിന്റെ പേരിൽ നടപടിയെടുക്കുന്നതിനും അതല്ലെങ്കിൽ അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുംവേണ്ടി, ശ്രീ. ആര്യാടൻ മുഹമ്മദ് കൊണ്ടുവന്ന അതീവ ഗുരുതരമായ ഈ പ്രശ്നം ചർച്ച ചെയ്യാതിരുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ജി. കാർത്തികേയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സഭയിൽ ഉന്നയിച്ച് ചർച്ച ചെയ്യപ്പെട്ട വിഷയം വളരെ വ്യക്തമായ കാര്യമാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് സഭയിൽ പറഞ്ഞതെന്താണ്? സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റിഅംഗം ശ്രീ. പി. ശശിയുടെ ഒരു കത്താണ്. ശ്രീ. പി. ശശി എന്നുപറയുന്ന സംസ്ഥാന കമ്മിറ്റിയംഗത്തിന്റെ കത്ത് പാർട്ടിയുടെ കണ്ണൂർ ജില്ലാകമ്മിറ്റിയുടെയും ശ്രീ. പിണറായി വിജയന്റെയും മൗനസമ്മതത്തോടുകൂടിയാണ് പത്രമാധ്യമങ്ങളിൽ വന്നതെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ശ്രീ. പി. ശശിയുടെ കത്തിന്റെ കോപ്പി കേരളത്തിലെ പത്രക്കാർക്ക് കൊടുത്തത് പാർട്ടിയുടെ കണ്ണൂർ ജില്ലാകമ്മിറ്റി ഓഫീസിലെ ആളുകളാണ്. ഈ കാര്യങ്ങൾ മുഴുവൻ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടുണ്ട്. ***ബഹുമാനപ്പെട്ട സംസ്ഥാന കമ്മിറ്റി അംഗമായിട്ടുള്ള, പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി അംഗമായിട്ടുള്ള നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് അച്ചുതാനന്ദൻ വളരെ വ്യക്തമായി സംസ്ഥാന കമ്മിറ്റിയിലും പാർട്ടി സെക്രട്ടേറിയറ്റിലും ആരോപണം ഉന്നയിച്ചിട്ടുണ്ട്. ഈ രാജ്യത്തെ മുഴുവൻ ജനങ്ങളും അറിഞ്ഞിരിക്കുകയാണ്. മാധ്യമ സുഹൃത്തുക്കളോടും ബഹുമാനപ്പെട്ട അച്ചുതാനന്ദൻ ഇത് സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ആ സ്ഥിതിക്ക് ബഹുമാനപ്പെട്ട പൊളിറ്റ് ബ്യൂറോ മെമ്പറായ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ കത്തിനെ സംബന്ധിച്ച് ഒരു വാക്കുപോലും പറയാത്തതിനുകാരണമെന്താണ് ? ബഹുമാനപ്പെട്ട നാരായണക്കുറുപ്പ് എന്ന ജഡ്ജിയും തങ്കപ്പനെന്നുപറയുന്ന ജഡ്ജിയും മുഖ്യമന്ത്രി പറഞ്ഞ കാര്യത്തിൽ ഒരു മറുപടിയും പറഞ്ഞിട്ടില്ല. അപ്പോൾ ജസ്റ്റീസ് മോഹൻകുമാർ എന്നുപറഞ്ഞ വ്യക്തി മിണ്ടിയിട്ടില്ല എന്നതിന്റെ പേരിൽ എന്തിനാണ് വഴക്കുണ്ടാക്കുന്നത് ? ജസ്റ്റീസ് മോഹൻകുമാറിനെതിരെ ഹൈക്കോടതിയിൽ കേസ്സിന് പോയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷ നേതാവായിട്ട് ഇരുന്നപ്പോഴാണ്. ജസ്റ്റീസ് മോഹൻകുമാറിനെതിരായിട്ട് ഹൈക്കോടതിയിൽ കേസ് കൊടുത്തിട്ടുണ്ടല്ലോ. അതൊന്നും അറിഞ്ഞില്ലെന്ന് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറഞ്ഞുകൊണ്ട് ജഡ്ജിമാരായ നാരായണക്കുറിപ്പിനെയും തങ്കപ്പനെയും പോലെതന്നെ ജസ്റ്റീസ് മോഹൻ കുമാറിനെതിരെയും നടപടി ഉണ്ടാകാത്തതിൽ അദ്ദേഹവും ഇക്കാര്യം നിഷേധിച്ചിട്ടില്ല എന്ന് പറഞ്ഞാൽ മൂന്നു ജഡ്ജിമാരും തുല്യമാണല്ലോ? ആ നിലയ്ക്ക് ഇത് എന്തുകൊണ്ട് തുല്യമായി കാണുന്നില്ല എന്നാണ് ഞാൻ ചോദിക്കുന്നത്. വഴിയെ പോകുന്ന

***സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 538/ഇ.ബി./2011/ലെജി.തീയതി 8-3-2011) നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒരുത്തൻ പറഞ്ഞതിനെക്കുറിച്ച് .....(ബഹളം).....ഇതുപോലെ മുഖ്യമന്ത്രിയെ അപമാനിക്കാൻ തയ്യാറായ ശ്രീ. പി. ശശിയുടെ പേരിൽ .....(ബഹളം)..... ..... ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഈ സഭയിൽ പറയണം. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി. സി. ജോർജും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, 31 പേരുടെ മരണത്തിനിടയാക്കിയ കല്ലുവാതുക്കൽ മദ്യദുരന്തകേസ്സുമായി ബന്ധപ്പെട്ട് സി.പി.ഐ (എം.) സംസ്ഥാന കമ്മിറ്റി അംഗവും, ജില്ലാ സെക്രട്ടറിയുമായിരുന്ന ശ്രീ. പി. ശശിയുടെ വെളിപ്പെടുത്തൽ സംബന്ധിച്ച് നൽകിയ കത്തിൽ പറയുന്നതുപോലെ വാസ്തവത്തിൽ മുഖ്യമന്ത്രി ഇക്കാര്യത്തിൽ നടത്തിയ ഗൂഢാലോചനയും ജസ്റ്റീസിനെ സ്വാധീനിക്കാൻ ശ്രമിച്ചതും നീതിന്യായത്തെ വെല്ലുവിളിക്കുന്ന ഒരു നയമായിപ്പോയി. ഇക്കാര്യത്തിൽ ജസ്റ്റീസ് മോഹൻ കുമാറിനെ സ്വാധീനിക്കാൻ വേണ്ടി കോടതിയിൽ ഇടപ്പെട്ട കാര്യത്തിൽ മുഖ്യമന്ത്രി രാജിവയ്ക്കുകയോ അല്ലെങ്കിൽ ശ്രീ. പി. ശശിയുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നടപടി സ്വീകരിക്കുവാനോ തയ്യാറാകണം. ഇക്കാര്യത്തിൽ നടത്തിയിട്ടുള്ള ഗൂഢാലോചന, ജസ്റ്റീസിനെ സ്വാധീനിക്കൽ അതുപോലെ തന്നെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തൽ എന്നീ കുറ്റങ്ങളെല്ലാംതന്നെ ചെയ്തിട്ടുണ്ടെന്നാണ് ശ്രീ. പി. ശശി കത്തിലൂടെ വെളിപ്പെടുത്തിയിട്ടുള്ളത്. അതിന്റെ സത്യാവസ്ഥ തീർച്ചയായും ഗൗരവത്തിലെടുത്തുകൊണ്ട് ഒന്നുകിൽ മുഖ്യമന്ത്രി രാജിവയ്ക്കണം, അല്ലെങ്കിൽ ശ്രീ. പി. ശശിയുടെ പേരിൽ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതുപോലെ തന്നെ ബഹുമാന്യനായ മുസ്ലീം ലീഗ് നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. എത്രയോ വർഷങ്ങളായി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ്വിനെ തകർക്കാൻവേണ്ടി ശ്രമിക്കുകയാണ്. കേരള രാഷ്ട്രീയത്തിൽ മുസ്ലീം ലീഗിന് ഏറ്റവും ശക്തമായ നേതൃത്വം നൽകി കൊണ്ട് കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിലും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ ധീരമായ നേതൃത്വമായിരുന്നു കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ശക്തമായ തിരിച്ചടി നൽകാനായത്. മുസ്ലീം ലീഗിനെയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനേയും തകർക്കാൻ മുഖ്യമന്ത്രിയും മറ്റു വിവിധ കേന്ദ്രങ്ങളുംനടത്തുന്ന ഗൂഢാലോചനയുടെ ഫലമായിട്ടാണ് ഇങ്ങനെ ഉണ്ടായിട്ടുള്ളത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഒരു കേസ്സിലും പ്രതിയായിരുന്നില്ല. 10,15 വർഷമായി ഈ പ്രശ്നങ്ങളിലൊന്നും അദ്ദേഹം പ്രതിയായിരുന്നില്ല. അതുപോലെ തന്നെ ഈ കേസ്സിൽ കോടതിയിൽ സത്യം വെളിപ്പെടുകയും ചെയ്തു. നിയമസഭാ തെരഞ്ഞെടുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

മുസ്ലീം ലീഗിനേയും ഐക്യ ജനാധിപത്യമുന്നണിയേയും തകർക്കാൻ വേണ്ടിയുള്ള നിങ്ങളുടെ ഗൂഢാലോചന കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന ജനാധിപത്യവിശ്വാസികൾ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ശക്തമായ തിരിച്ചടി നല്കുന്നതാണ്.....(മൈക്ക് ഓഫ്).....മുസ്ലീം ലീഗിനെ തകർക്കാൻ നിങ്ങളുടെ ഒരു ഗൂഢാലോചനക്കും സാധ്യമല്ലെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുന്നു. മുസ്ലീം ലീഗിന്റെ നേതാവായ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ നിരപരാധിത്വം ഏത് കോടതിയിലും ഏത് ജനങ്ങളുടെ മുമ്പിലും തെളിയിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് അടിസ്ഥാനരഹിതമായ ആരോപണങ്ങളിൽനിന്നും നിങ്ങൾ പിന്മാറുന്നതാണ് നല്ലതെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. ഈ ഗൂഢാലോചന കേന്ദ്രങ്ങളെ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ വെളിപ്പെടുത്തുകയും അത് കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുകയും ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. പി. ശശിയുടെ കത്തിന്റെ പരാമർശത്തിന്റെ പേരിൽ ജുഡീഷ്യറിയിൽ കൈകടത്തിയ മുഖ്യമന്ത്രി രാജിവയ്ക്കുകയോ ശ്രീ. പി. ശശിയുടെ പേരിൽ കേസ്സെടുക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ഗുരുതരമായ പ്രശ്നം സഭയിൽ ചർച്ചചെയ്യുന്നതിന് അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

ശ്രീ. ആനത്തലവട്ടം ആനന്ദൻ : പോയിന്റ് ഓഫ് ഓർഡർ. സി.പി.എം. സംസ്ഥാന കമ്മിറ്റി ചർച്ച ചെയ്യാത്ത വിഷയങ്ങൾ ചർച്ചചെയ്തുവെന്ന് ശ്രീ. പി.സി. ജോർജ് സഭയിൽ ഉന്നയിക്കുകയുണ്ടായി. ചർച്ച ചെയ്യാത്ത ഒരു കാര്യം ചർച്ചചെയ്തുവെന്ന് ഈ സഭയിൽ ഉന്നയിച്ചിരിക്കുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല, അത് ബഹുമാനപ്പെട്ട സ്പീക്കർ നീക്കം ചെയ്യേണ്ടതാണ്.

മി. സ്പീക്കർ : അത് പരിശോധിച്ച് നീക്കം ചെയ്യാവുന്നതാണ്.

IV ശ്രദ്ധ ക്ഷണിക്കൽ

1. സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികൾക്ക് പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കാനുള്ള ടോയ്ലറ്റ് സൗകര്യങ്ങൾ വളരെ കുറവാണെന്ന് മാത്രമല്ല ഉള്ളതിന്റെ സ്ഥിതിതന്നെ പരമദയനീയമാണ്. വെള്ളമില്ലാത്തതിനാൽ ശുചിത്വമില്ലായ്മ കൊണ്ട് ദുർഗന്ധം നിറഞ്ഞതിനാൽ അടുത്തുപോലും പോകാൻ സാധിക്കുന്നില്ല. പെൺകുട്ടികൾക്ക് നല്ല ടോയ്ലറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly